# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 276* | 18.02.2013-ൽ മറുപടിക്ക് |
|---|---|

**ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ സാമ്പത്തിക നിലവാരത്തെക്കുറിച്ച് സാമൂഹ്യക്ഷേമ വകുപ്പിന്റെ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | കുറ്റകൃത്യങ്ങളുടെ പേരിൽ ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ സാമ്പത്തിക നിലവാരത്തെക്കുറിച്ചുള്ള താരതമ്യപഠനം സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ, അതിലെ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ; | (എ) | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നോഡൽ ഏജൻസിയായ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന തടവുകാരുടെയും അവരുടെ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക നിലയെക്കുറിച്ച് പഠനം നടത്താൻ ആഭ്യന്തര വകുപ്പിൽ നിന്ന് അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | കുറ്റകൃത്യങ്ങളുടെ പേരിൽ പിടിക്കപ്പെടുന്നവരിലും ശിക്ഷിക്കപ്പെടുന്നവരിലും ഒരേ കുറ്റത്തിന് ജയിൽശിക്ഷ ദീർഘകാലം അനുഭവിക്കേണ്ടിവരുന്നവരിലും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും പാവപ്പെട്ടവരുമാണ് ബഹുഭൂരിപക്ഷവും എന്ന അനൗദ്യോഗിക കണ്ടെത്തലുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; അതിന്റെ സാമൂഹ്യ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. എന്നാൽ നിലവിൽ സോഷ്യൽ സെക്യൂരിറ്റി മിഷനെ ഏല്പിച്ച പഠനത്തിലൂടെ ലഭ്യമാകുന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സാമൂഹ്യ പുരോഗതിക്കുള്ള ആസൂത്രണപ്രക്രിയയിലും, കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരുന്നതിലും ഇത്തരം താരതമ്യപഠനത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇതേക്കുറിച്ച് ഒരു പഠനം നടത്താൻ നിർദ്ദേശം നൽകുമോ? | (സി) | കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങളിൽ സാമൂഹിക സാമ്പത്തിക ഘടകങ്ങൾക്ക് പങ്കുള്ളതായി വിവിധ പഠനങ്ങൾ വെളിവാക്കുന്നതിനാൽ സാമൂഹ്യ പുരോഗതിക്ക് വേണ്ടിയുള്ള ആസൂത്രണ പ്രകിയയിലും കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ട് വരുന്നതിലും ഇത്തരം താരതമ്യ പഠനങ്ങൾ പ്രയോജനം ചെയ്യും എന്നതിനാൽ ഇതുപോലുള്ള പഠനങ്ങൾ നടത്തുന്ന കാര്യം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ